# 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കൽ.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(i) "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്;

(ii) "വ്യവസായ സംരംഭം" എന്ന പദങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "വ്യവസായസ്ഥാപനം" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

KNPP. 1302/2024.

3. <u>2-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "വ്യവസായസ്ഥാപനങ്ങൾ" എന്ന വാക്കിന് പകരം "വ്യവസായസ്ഥാപനം" എന്ന വാക്ക് ചേർക്കേണ്ടതും (എം) ഖണ്ഡം വിട്ടുകളയേണ്ടതുമാണ്.

4. <u>4-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>5-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, —

(i) (1)-ാം ഉപവകുപ്പിൽ, "ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ "ഏത് ജില്ലക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ" എന്ന വാക്കുകൾക്ക് പകരം "ഏത് വ്യവസായ പ്രദേശത്തിനു വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ വ്യവസായ പ്രദേശത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ളിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യപാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട സ്വകാര്യപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒരു പ്രത്യേക ക്ഷണിതാവ് ആയിരിക്കേണ്ടതാണ്.".

6. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) "ആരംഭിക്കുവാൻ" എന്ന വാക്കിന് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ലൈസൻസുകളുടെ പുതുക്കൽ" എന്ന വാക്കുകൾക്ക് പകരം "അവയുടെ പുതുക്കൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അവയുടെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾക്കു പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ, "അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്ന വാക്കുകൾക്ക് പകരം "അപ്രകാരം നിരസിച്ചുകൊണ്ടുള്ള ഉത്തരവോ അപ്രകാരം ഉപാധികളോടെ നൽകപ്പെട്ട ഉത്തരവോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

---